ലുലു ഫാഷൻ വീക്ക് സ്റ്റൈൽ ഐക്കൺ പുരസ്കാരം നടൻ നസ്‌ലിന് ഷൈല്ല ദാമോദരനും ലുലു കൊച്ചി റീജണൽ ഡയറക്ടർ സുധീഷ് ചെരിയിലും മീഡിയ ഹെഡ് എൻ.ബി സ്വരാജും ചേർന്ന് സമ്മാനിക്കുന്നു. ലുലു കൊച്ചി ഡയറക്ടർ സാദിക് കാസിം സമീപം

നസ്‌ലിന് ലുലു സ്റ്റൈൽ ഐക്കൺ പുരസ്കാരം

കൊച്ചി: ലുലു ഫാഷൻ വീക്ക് പത്താം എഡിഷനോട് സ്റ്റൈൽ ഐക്കൺ പുരസ്കാരം നടൻ നസ്‌ലിൻ ഏറ്റുവാങ്ങി. പ്രമുഖ അവതാരകനായ ഷൈല്ല ദാമോദറിന്റെ കമന്ററിയോടെയാണ് നസ്‌ലിനെ ലുലു ഫാഷൻ വേദി സ്വീകരിച്ചത്. ലുലു കൊച്ചി ഡയറക്ടർ സാദിക് കാസിം പൊന്നാട ചാർത്തി. സ്റ്റൈൽ ഐക്കൺ പുരസ്കാരം ഷൈല്ല ദാമോദരനും ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിലും, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജും ചേർന്ന് സമ്മാനിച്ചു. ചടങ്ങിൽ വിവിധ റീട്ടയിൽ ബ്രാൻഡുകൾക്കുള്ള പുരസ്കാരദാനവും അരങ്ങേറി. മോസ്റ്റ് പ്രിഫേഡ് മെൻസ് വെയർ അവാർഡ് ബ്ലാക്ക്ബെറിസിന് സമ്മാനിച്ചു. ജനപ്രിയമായ വുമൺ എത്തിനിക്ക് ബ്രാൻഡിനുള്ള അവാർഡ് അമൃതി നേടി. മോസ്റ്റ് പ്രിഫേഡ് മെൻസ് സ്റ്റൈൽപുരസ്കാരം ക്ലിറ്റും, മോസ്റ്റ് പ്രിഫേർഡ് ഡെനിം ബ്രാൻഡിനുള്ളപുരസ്കാരം ലിവൈസും ഏറ്റുവാങ്ങി.

യുദ്ധമൊഴിയുന്ന ആവേശത്തിൽ കുതിച്ചുയർന്ന് ഓഹരി വിപണി

കൊച്ചി: യുദ്ധം അവസാനിച്ച് ഹോർമുസ് ഇടനാഴി ഇറക്കമെന്ന ആവേശത്തിൽ നിക്ഷേപകർ പണമൊഴുക്കിയതോടെ ഇന്ത്യൻ ഓഹരി വിപണിയിൽ വൻകുതിപ്പ്.

സെൻസെക്സ് 1,074 പോയിന്റ് ഉയർന്ന് 76,488.96ൽ അവസാനിച്ചു. നിഫ്റ്റി 312.4 പോയിന്റ് നേട്ടവുമായി 24,031.70ൽ എത്തി. ചെറുകിട, ഇടത്തരം ഓഹരികളുടെ വിലയിലും മികച്ച മുന്നേറ്റമുണ്ടായി. ബജാജ് ഫിനാൻസ്, എച്ച്.ഡി.എഫ്.സി ബാങ്ക്, എറ്റേണൽ, എൽ ആൻഡ് ടി എന്നിവയാണ് പ്രധാനമായും നേട്ടമുണ്ടാക്കിയത്. ധനകാര്യ, ബാങ്ക് മേഖലയിലെ ഓഹരികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്.

പശ്ചിമേഷ്യയിലെ സംഘർഷം അവസാനിക്കാൻ അമേരിക്കയും ഇറാനും അവസാനഘട്ട ചർച്ചകളിലാണെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ഹോർമുസ് തുറക്കാൻ ഇറാൻ തയ്യാറാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇതോടെ ലോകമാകമുള്ള ഓഹരി വിപണികൾ മുന്നേറ്റം നടത്തി. ഡോളറും ബോണ്ടുകളും ദുർബലമായതും ഓഹരിവിപണിക്ക് കരുത്തായി.

വെള്ളിവില 3 എഫ്

ഫോറക്സ്, ഫർട്ടിലൈസർ, ഫ്യൂവൽ എന്നീ 3 എഫുകളാണ് പ്രധാന വെള്ളിവിലയ്ക്ക് കാരണമായതെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ക്രൂഡോയിൽ വിലയിലെ കുതിപ്പും വിദേശ നാണയ എക്സ്ചേഞ്ചിലെ ചാഞ്ചാട്ടവും രാസവളം ലഭ്യതയിലെ ഇടിവും സാമ്പത്തിക മേഖലയുടെ പ്രകടനത്തെ പ്രതികൂലമായി ബാധിച്ചേക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

വില്പന നഷ്ടമൊഴിയാതെ എണ്ണക്കമ്പനികൾ

കൊച്ചി: പതിനൊന്ന് ദിവസത്തിനിടെ നാല് തവണയായി പെട്രോൾ, ഡീസൽ വിലലിറ്ററിന് എട്ടു രൂപയിലധികം വർദ്ധിച്ചിട്ടും പൊതുമേഖല എണ്ണക്കമ്പനികളുടെ വിൽപ്പന നഷ്ടം ഒഴിയുന്നില്ല. രാജ്യാന്തര വിപണിയിലെ ചലനങ്ങളും രൂപയുടെ മൂല്യത്തകർച്ചയും കണക്കിലെടുത്താൽ പെട്രോൾ, ഡീസൽ എന്നിവയുടെവിലലിറ്ററിന് പത്ത് രൂപയിലധികം ഇനിയും കൂട്ടണമെന്നാണ് കമ്പനികളുടെ ആവശ്യം. പെട്രോവരിയിൽ യുദ്ധം ഇടങ്ങിയതിന് ശേഷം ക്രൂഡ് വില ഇരട്ടിയിലധികം ഉയർന്നതാണ് വെല്ലുവിളി.

കഴിഞ്ഞ ദിവസങ്ങളിലെ വർദ്ധനയ്ക്ക് ശേഷവും പെട്രോൾ, ഡീസൽ എന്നിവ ഉത്പാദന ചെലവിലും കുറഞ്ഞ വിലയിൽവിൽക്കുന്നതിലൂടെപ്രതിദിനം 600 കോടി രൂപയുടെ നഷ്ടം കമ്പനികൾക്കുണ്ടെന്ന് പെട്രോളിയം മന്ത്രാലയത്തിലെ ഉയർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.

ആഗോള തലത്തിൽ പെട്രോളിന് 22 ശതമാനവും ഡീസലിന് 27 ശതമാനവും വിലനാല് മാസത്തിനിടെ ഉയർന്നു. എന്നാൽ ഇന്ത്യയിൽ ഇതുവരെ എട്ട് ശതമാനം വർദ്ധന മാത്രമാണുണ്ടായത്. മാർച്ചിൽ പെട്രോൾ, ഡീസൽ എന്നിവയുടെ എക്സൈസ് തീരുവ പത്ത് ശതമാനം കുറച്ചതോടെ കേന്ദ്ര സർക്കാരിന് 14,000 കോടി രൂപയുടെ വരുമാനനഷ്ടമുണ്ട്.

വില ഇനിയും കൂട്ടിയേക്കും

ക്രൂഡോയിൽ വില ബാരലിന്

6.5

ശതമാനം കുറഞ്ഞ്

95

ഡോളറിൽ

രൂപ

@95.25

കുതന്നെ ഇടിഞ്ഞ് ക്രൂഡോയിൽ വില

പശ്ചിമേഷ്യയിലെ യുദ്ധം അവസാനിക്കാൻ അമേരിക്കയും ഇറാനും ധാരണയിലെത്തിനിങ്ങുന്നവെന്ന പ്രതീക്ഷയിൽ രാജ്യാന്തര വിപണിയിൽ ക്രൂഡോയിൽ വില ഇന്നലെ നിലംപൊത്തി. ബ്രെന്റ് ക്രൂഡിന്റെ വില ബാരലിന് 6.5 ഡോളർകുറഞ്ഞ് 97 ഡോളറിലെത്തി. ഡബ്ല്യു.ടി.ഐ ക്രൂഡ് വില ആറ് ശതമാനം ഇടിഞ്ഞ് ബാരലിന് 90 ഡോളറായി. ഹോർമുസ് ഇടനാഴി ഇറയ്ക്കാൻ സാദ്ധ്യതയേറിയതോടെ നിക്ഷേപകർ ഓഹരി, സ്വർണം എന്നിവയിലേക്ക്പണം മാറ്റി.

കരുത്താർജിച്ച് രൂപ

യുദ്ധ ഭീതി ഒഴിഞ്ഞതോടെ ഡോളറിനെതിരെ രൂപ കരുത്താർജിച്ചു. കയറ്റുമതിക്കാർ ഡോളർ വൻതോതിൽ വിറ്റഴിച്ചതോടെ രൂപ ഇന്നലെ 35 പൈസ നേട്ടത്തോടെ 95.25ൽ വ്യാപാരം പൂർത്തിയാക്കി.

ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ ദുർബലമായതും രൂപയ്ക്ക് നേട്ടമായി. ദീർഘകാലത്തിന് ശേഷം വിദേശ നിക്ഷേപകർ ഇന്ത്യൻ ഓഹരി വിപണിയിലേക്ക് തിരിച്ചെത്തി.

ടാറ്റ സൺസ് ബോർഡ് യോഗം ഇന്ന്



നോയൽ ടാറ്റ

കൊച്ചി: ടാറ്റ ട്രസ്റ്റീസിലെ അഭിപ്രായ ഭിന്നതകൾക്കു പരിഹാരിക്കാൻ ലക്ഷ്യമിട്ടന്ന ടാറ്റ സൺസിന്റെ ഡയറക്ടർ ബോർഡ് യോഗം ഇന്ന് മുംബയിൽ നടക്കും. ടാറ്റ സൺസിന്റെ ഭാവി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തി ലാഭക്ഷമത മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച ബിസിനസ് പ്ലാൻ ചെയർമാൻ എൻ. ചന്ദ്രശേഖരൻ യോഗത്തിൽ അവതരിപ്പിക്കും. ടാറ്റ ഗ്രൂപ്പ് കമ്പനികളിൽ നഷ്ടം പെരുകുന്നതും വികസന പ്രവർത്തനങ്ങൾക്ക് പണം അനുവദിക്കുന്നതും ഉൾപ്പെടെ വിവിധ വിഷയങ്ങൾ ബോർഡ് ചർച്ച ചെയ്യും. ടാറ്റ സൺസിന്റെ പ്രവർത്തനം സംബന്ധിച്ച്ടാറ്റട്രസ്റ്റീസ് ചെയർമാൻ നോയൽ ടാറ്റ കടുത്ത അതൃപ്തിയിലാണെന്ന വാർത്തകൾക്കിടയിലാണ് യോഗം. കഴിഞ്ഞദിവസം എൻ ചന്ദ്രശേഖരനും നോയൽ ടാറ്റയും തമ്മിൽ ചർച്ച നടത്തിയിരുന്നു. ടാറ്റ ഗ്രൂപ്പിന്റെ വിവിധ കമ്പനികളിലെ ഭൂരിപക്ഷഓഹരികൾടാറ്റസൺസിനാണുള്ളത്.

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	34,300
വെളിച്ചെണ്ണ	24,800
കൊപ്ര	14,500-14,700
പിണ്ണാക്ക്എക്സ്പെല്ലർ 3700	
പിണ്ണാക്ക്സോൾ	4000
കുരുമുളക്	
മ്യോന്തത്ത്	70,200
പുതിയത്	69,200
ഗാർബിൾഡ്	72,200
ചുക്ക്മീഡിയം	28,000
ചുക്ക്ബെസ്റ്റ്	30,000
മഞ്ഞൾസീസൺ	--
ഞാലം-ഈക്കാൽ	15,500-16,000
കാലത്തിക്കുരു	1850
അടയ്ക്ക	
അടയ്ക്ക	39,000
അടയ്ക്ക പുതിയത്	39,000
പഴഞ്ചരക്ക	41000
മുളക്	19,000
ഉഴുന്ന്	9600-10,700
വെറ്റപ്പാക്ക്	10000-13,600
കടല	8100-10100
തുവര	5000
എള്ള്	22,000
മല്ലി	7800-9200
പച്ചരി നമ്പർ-1	4700
പഴുക്കക്കരി(ഇലയ്ക്ക)	4200-4500
ഗ്രാമ്പൂ	800-900
പാംഓയിൽ	9700
ഭാതിക്ക	
ഞൊണ്ടൻ	280-300
ഞൊണ്ടിപ്പാത്തൻ	580 - 620
ചുവൽ-മത്തന	1400-1500
എവർ ചുവൽ	1500-2000
എവർമത്തൻ	2100-2200
ജാതിക്ക കാടടി	
ഞൊണ്ടൻ	280-300
ഞൊണ്ടിപ്പാത്തൻ	580-620
ചുവൽ-മത്തന	1400-1500
എവർ ചുവൽ-മത്തന	1900-2200
വണ്ട	
ആർഎസ്എസ്-4	25,000
ആർഎസ്എസ്5	24,000-24,500
ഒട്ടുപാൽ	15,100
ലാറ്റക്സ്	15,100
പൈനാപ്പിൾ	
പഴം	48.00
പഴം	20.00
സ്പൈസൂൻ	50.00
ഏലം	
കുമ്പിയിലെ	3348
ശരാശരിവില	2399
മൊത്തവിറ്റഴിക്കലാ	14,637
കൊട്ടയം	
ആർഎസ്എസ്4	244.00
ആർഎസ്എസ്5	241.00
തരംതിരിക്കാത്തത്	198.00
ഒട്ടുപാൽ	150.50
വണ്ടർ ബ്രോഡ്	
ആർഎസ്എസ്4	252.00
ആർഎസ്എസ്5	249.00
തരംതിരിക്കാത്തത്	208.00
ഒട്ടുപാൽ	160.60
ബാങ്കാക്ക്	
ആർഎസ്എസ്1	289.7
ആർഎസ്എസ്2	288.21
ആർഎസ്എസ്3	278.60
ആർഎസ്എസ്4	277.71
ആർഎസ്എസ്5	277.27
കൊലമ്പോർ	
ബ്ലോക്കെറ്റിൽ ബോളർ(വില)	
എസ്എംഎ(ആർ.ടി.ഇ	22.085
	(23.015)
60% ലാറ്റക്സ്	189.23(197.02)
വെളിച്ചെണ്ണ	285
കൊപ്ര (ക്വിന്റൽവില)	20000
ശരിക്കരി (മറയൂർ)	98
ശരിക്കരി(പാണ്ടി)	60
കാലി (ബാബസൂ)	360
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	25,100
വെളിച്ചെണ്ണ	25,600
കൊപ്രാമെട്ടയ്	14,500
കൊപ്രാബോൾ	14,550
കൊപ്രാപൊടി	14,600
തൃശൂർ	
വെളിച്ചെണ്ണ(മില്ലിംഗ്)	25800
കൊപ്ര	15300
തേങ്ങപിണ്ണാക്ക്	3700
നാളികേരം	4500
കശുപരിപ്പ്	3000
അടയ്ക്ക - അമ്പലപ്പുഴ	
പഴയത്	7900-8100
പുതിയത്	8050-8400
അണക്കര	3800-4000
അടയ്ക്ക - ഷർക്കുപ്പി	
പഴയത്	7500-8000
പുതിയത്	7000-8000
അണക്കര	2000-3000
ഡെന്റുമണ്ട്	
കുരുമുളക്	6600
പച്ചകുരുമുളക്	1700
കൊടുവാക്കിപ്പഴയതി	360
ദേവമുണ്ടി	250
വണ്ട	24300
ഒട്ടുപാ	14300
ഗ്രാമ്പൂ(കിലോ)	750
ഭാതിക്ക(ഞൊണ്ടൻ)	265
ജാതിപരിപ്പ്	550
ജാതിപത്രി	1600
തേങ്ങ	5500
കശുമ്പഴങ്ങ(കിലോ)	115
അടയ്ക്ക(പഴുക്കാ)	90
ചണ്ടൻ	35
കാലി	180-310
കൊക്കോ-20	18-230

സ്വർണവില

കൊച്ചി(8 ഗ്രാം)

1,16,880

ഒരുഗ്രാം

14,610

വെള്ളിവില

10 ഗ്രാം

2850

ഓഹരി നിലവാരം

സെൻസെക്സ് ↑ 76488.96 | 1,073.61

നിഫ്റ്റി ↑ 24,031.70 | 312.40

SCRIP	BSE	NSE
KERALA BASED		
APOLLOTYRE	388.400	388.350
AVTNPL	69.170	69.330
Cochin minerals	273.800	0.000
COCHINSHIP	1528.650	1526.000
Dhan bank	33.540	33.500
Eastern Treads	28.500	0.000
ESAF	28.980	28.970
Fact	883.600	883.050
FEDERALBNK	289.050	289.25
GEOJIT	75.480	75.420
Gtn textiles	9.240	0.000
HARIHALA	211.250	211.500
INDXTRADE	2.500	0.000
Kerala ayu	211.700	0.000
Kitex	162.850	163.070
Kse itd.	194.900	0.000
Manapuram	325.550	325.650
Muthoot capital	204.850	205.190
Muthoot fin	3351.450	3354.400
Nitta gelatin	1580.350	1582.850
Patspin inda	7.160	0.000
RUBFILA INTL [BSE]	78.760	79.000
SIB	40.980	41.000
Sree sakthi paper	14.070	0.000
Vertex	2.760	0.000
Vguard	306.500	306.660
WONDERLA	481.100	481.300

ഏലിയാസ് ജോർജ് ഫെഡറൽ ബാങ്ക് ചെയർമാൻ

കൊച്ചി: ഫെഡറൽ ബാങ്കിന്റെ പാർട്ട് ടൈം ചെയർമാനായി ഏലിയാസ് ജോർജിനെ നിയമിക്കാൻ റിസർവ് ബാങ്ക് അംഗീകാരം നൽകി. മൂന്നു വർഷത്തേക്കാണ് നിയമനം. 2023 സെപ്തംബർ അഞ്ചിന്ന് ബാങ്കിന്റെ സ്വതന്ത്ര ഡയറക്ടറായി പ്രവർത്തിക്കുകയായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് നേവൽ ആർകിടെക്ച്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗിൽ ബിരുദവും പാരീസിലെ ഇൻസ്റ്റിറ്റ്യൂട്ടിനാഷണൽ അഡ്മിനിസ്ട്രേഷൻ പബ്ലിക്കിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവുമെടുത്ത ഏലിയാസ് ജോർജ് ഹാർവാർഡ് കെന്നഡി സ്കൂൾ ഒഫ് ഗവർമെന്റ് ഉൾപ്പെടെ യു.എസിലെയും ഇന്ത്യയിലെയുള്ള സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ഡെവലപ്മെന്റ് കോഴ്സുകൾ ചെയ്തിട്ടുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാർ സർവീസിൽ 35 വർഷം ഐ.എ.എസ് ഉദ്യോഗസ്ഥനായിരുന്നു. വിരമിച്ചശേഷം കൺസൾട്ടിങ് കമ്പനിയായ കെപിഎംജി ഇന്ത്യയിൽ ഉന്നത പദവി വഹിച്ചു.

കേരള സർക്കാരിന് 141 കോടി ലാഭവിഹിതവുമായി ബി.പി.സി.എൽ

തിരുവനന്തപുരം: ഭാരത്പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) സംസ്ഥാനസർക്കാരിന് ലാഭവിഹിതമായി 141 കോടി കൈമാറി. സെക്രട്ടേറിയറ്റിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പി.വിജയനിൽ, വ്യവസായ വകുപ്പ് അഡി. ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് റസീഖ്, ബിപി.സി.എൽ ഉദ്യോഗസ്ഥർ ഇടങ്ങിയവർ പങ്കെടുത്തു. ഏറെക്കാലം ബിപിസിഎൽ ഇലക്ട്രിക്കൽ ഡിവിഷൻ പ്രസിഡന്റും യിരുന്ന താൻ സന്തോഷത്തോടെ ലാഭവിഹിതം ഏറ്റുവാങ്ങുന്നതായി വി.വി സതീശൻ പറഞ്ഞു. 23000 കോടി രൂപയാണ് ബി.പി.സി.എല്ലിന്റെ കഴിഞ്ഞ വർഷത്തെ ലാഭം.

വിവിധം

മധു വധക്കേസിൽ ഹൈക്കോടതി

'ഭരണഘടനയും യാഥാർത്ഥ്യവും തമ്മിലേറെ അന്തരം'

കൊച്ചി: ഭരണഘടന വിഭാവനം ചെയ്യുന്ന ആശയവും യാഥാർത്ഥ്യവും തമ്മിൽ വലിയ അന്തരമുണ്ടെന്നതിന് തെളിവാണ് മധുവിന്റെ കൊലപാതകമെന്ന് ഹൈക്കോടതി. മൃഗാലി ജംഗ്ഷനിൽ ക്ഷേത്രഭണ്ഡാരപെട്ടിയോട് ചേർത്തു കെട്ടിയ നിലയിൽ മധുവിനെ കണ്ടപ്പോൾ ഏഴുപത്തഞ്ചോളം പേരുണ്ടായിരുന്നു.

മദ്യവിൽപ്പനയ്ക്കുവേണ്ടി ആക്രമണത്തിന്റെ ഭീകരത വ്യക്തമാക്കുന്ന, ഇലക്ട്രോണിക് തെളിവ് വിശ്വസനീയമാണെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. ഹോർമുസ് തുറക്കാൻ ഇറാൻ തയ്യാറാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇതോടെ ലോകമാകമുള്ള ഓഹരി വിപണികൾ മുന്നേറ്റം നടത്തി. ഡോളറും ബോണ്ടുകളും ദുർബലമായതും ഓഹരിവിപണിക്ക് കരുത്തായി.

ഇലക്ട്രോണിക് തെളിവ് നിർണായകം

നീതിന്യായ സംവിധാനത്തിൽ ഇലക്ട്രോണിക് തെളിവുകളുടെ പ്രാധാന്യം ഈ കേസിൽ വ്യക്തമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു.

പ്രതികൾ ചിത്രീകരിച്ച മൊബൈൽ ദൃശ്യം ജനമുണ്ട് ആക്രമണത്തിന്റെ ഭീകരത വ്യക്തമാക്കുന്നു. ഇലക്ട്രോണിക് തെളിവ് വിശ്വസനീയമാണെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. വിശ്വസനീയ മൊഴിയില്ലാതെയും കുറ്റവാളികളെ ശിക്ഷിക്കാൻ തയ്യാറാകുന്നു. സാങ്കേതിക വിദ്യ കൊണ്ടുമാത്രം എല്ലാ അപാകതകളും പരിഹരിക്കപ്പെടില്ല. ഈ കേസിൽ ഇലക്ട്രോണിക്തെളിവുകളുടെ ഫോറൻസിക് പരിശോധന വൈകി. ഇതിനുള്ള അടിസ്ഥാനസൗകര്യം ഇന്നും അപര്യാപ്തമാണെന്നും കോടതി പറഞ്ഞു.

സി.ടി.വിദൃശ്യം കണ്ടിട്ടും, സ്ത്രീത്വസ്വന്തം പിതൃതെളിഞ്ഞിട്ടും അതെയും തിരിച്ചറിയാനാകുന്നില്ലെന്ന് പറഞ്ഞു.

വിചാരണയ്ക്കിടെ പ്രതികൾക്കുമാത്രം വ്യവസ്ഥ ലംഘിച്ച് സാക്ഷികളെ ശല്യപ്പെടുത്തുന്നു. പ്രതികളുടെ ജാമ്യം റദ്ദാക്കി വീണ്ടും കസ്റ്റഡിയിൽ അയച്ചശേഷമാണ് ഒരു ഹോസ്റ്റ് വാച്ചർ സത്യം പറയാനുള്ള ധൈര്യം കാട്ടിയത്. സാക്ഷിമൊഴികൾ ദുർബലമാകുന്നത് കേസിന് പ്രതിഫലമായി. സമ്മർദ്ദവും ഭീഷണിയും ആശ്രിതത്വവും നിലപാടുകളെ ദുർബലമാക്കി. ഇതേക്കുറിച്ച് സമൂഹം ആത്മപരിശോധന നടത്തണം. ജാതിയോ, ഗോത്രമോ, സാമൂഹിക പശ്ചാത്തലമോ എന്ത് തന്നെയായാലും, ഒരു വ്യക്തിക്ക് അന്തസോടെയും സുരക്ഷയോടെയും ജീവിക്കാൻ അവകാശമുണ്ട്. മധുവിന്റെ ചിത്രങ്ങളും വീഡിയോകളും നിഷ്കളങ്കനായ മെഗാവർഷം കാട്ടുന്നു. രോഗവും ദാരിദ്ര്യവും അതിവ ദുർബലനാക്കി. കാട്ടിൽ ജീവിച്ച് കിട്ടുന്നിടത്ത് നിന്ന് ഭക്ഷണം തേടി ജീവിച്ചു. ഇത്തരം സാഹചര്യത്തിലാണ് നിയമം ശക്തമാക്കേണ്ടത്. ഇത്തരം സംഭവം ഒരിക്കലും ആവർത്തിക്കപ്പെടരുത്.

ഇനിയൊരു ആൾക്കൂട്ട ആക്രമണം ഉണ്ടാകരുത്: മധുവിന്റെ കുടുംബം

കൊച്ചി: ''ഇത് ദൈവത്തിന്റെ സ്വന്തം നാടാണ്. ഇവിടെ ഇനിയൊരു ആൾക്കൂട്ട ആക്രമണം ഉണ്ടാകരുത്. അതിനുള്ള വിധിയാണ് ഹൈക്കോടതിയിൽ നിന്ന് വന്നിട്ടുള്ളത്.'' ഉപദ്രവമേറ്റുത്തിൽമധുവിന്റെസഹോദരി സരസു പറയുന്നു.

വിധിയിലെ സന്തോഷവും, ഒന്നാം പ്രതി ഹുസൈനെ വെറുതെ വിട്ടതിലെ നിരാശയും സരസു പ്രകടിപ്പിച്ചു. സങ്കടം ഉള്ളിലൊതുക്കിനിറകണ്ണുകളോടെപരപ്പനിൽക്കുകയായിരുന്നു മാതാവ് മല്ലി.

അട്ടപ്പാടി സ്വദേശി മധു കൊല്ലപ്പെട്ട കേസിൽ 12 പ്രതികളുടെ ശിക്ഷ ജീവപര്യന്തമായി ഉയർത്തിയ വിധികേട്ടശേഷം കൈതോടെതിക്ക് മൂന്നിൽ മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു കുടുംബം. കേരളം തങ്ങൾക്കൊപ്പം നിന്നെന്ന് സരസു പറഞ്ഞു. മധു അനുഭവിച്ചവേദന കേരളം കണ്ടതാണ്. ഒന്നാം പ്രതിയെ വെറുതെ വിട്ടതിനെതിരെ ഇയോൾതന്നെ പ്രതിഷേധം ഉയരുന്നണ്ട്. അഭിൽ നൽകിം. 12 പേർക്ക് ജീവപര്യന്തം ലഭിച്ചതിൽ സന്തോഷമുണ്ട്.

ബസ്സുക്കൾ പോലും ഗുറമാറിയ സാഹചര്യമുണ്ടായി. ഇതെല്ലാം അതിജീവിച്ചുണ്ടായ ഈ വിധി വലിയ ആശ്വാസം നൽകുന്നതാണ്. അഭിഭാഷകരും വിവിധ സംഘടനകളും പിന്തുണയേകി. വെറുതെ വിട്ടയയ്ക്കപ്പെട്ട എല്ലാവരും ശിക്ഷിക്കപ്പെടണമെന്നും ഈശ്വരൻ എല്ലാം കാണുന്നുണ്ടെന്നും മാതാവ് മല്ലി പറഞ്ഞു.

ഡോ.പി.വി വിദ്യ ജില്ലാമെഡിക്കൽ ഓഫീസർ

ആലപ്പുഴ: ജില്ലാ മെഡിക്കൽ ഓഫീസറായിഡോ.പി.വിവിദ്യയെ നിയമിച്ചു. നിലവിൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറാണ്. ആലപ്പുഴ ഡപ്യൂട്ടി ഡി.എം.ഒ, മാവേലിക്കര ജില്ലാ ആശുപത്രി സൂപ്രണ്ട്, ലെപ്രസിസാനിട്ടോറിയം സൂപ്രണ്ട് എന്നിനിലകളിൽപ്രവർത്തിച്ചിട്ടുണ്ട്. മാവേലിക്കര സ്വദേശിയാണ്. ഇന്ന് ചുമതലയേൽക്കും.

ബഹുമാനപ്പെട്ട മാവേലിക്കര കോടതി മുമ്പാകെ OP (HMA) 288/2025
ഹർജിക്കാരി: ഗാർത്തിക പള്ളി തറവൂരിൽ കരാപുരം വില്ലേജിൽ താമല്ലാക്കൽ റൈക്ക് മുറിയിൽ താമല്ലാക്കൽ പി.ദേ. അത്താനി മകളുടെ പുത്രനായിട്ടിൽ ചെല്ലപ്പൻ മകൻ സദനം ഹരിയോളെ പ്രതിനിധീകരിച്ച് പിതാവും മുത്തുകാടോരമായ യിതിൽ ചെല്ലപ്പൻ.
2-ാംകൂതകക്കരി: മിണ്ടുമണി, D/o.മണിയപന്, തെക്കുമ്പുത്തിൽ, പടുന്നക്കാട്.പി.ഒ.പടുന്നക്കാട് വില്ലേജ്, ചേർത്തലതാലൂക്ക്.
1 ഏതുകക്ഷിയായ തെരുവെടുത്തുന്നത് ഹർജിക്കാരിയും 1-ാംകൂതകക്ഷിയുമായ കരാപുരം വില്ലേജിൽ കൂട്ടുകൈതറയിൽ ശ്രീരം-ഗണ്ണു വീട്ടിൽ ശ്രീവത്സനും തമ്മിലുള്ള വിവാഹബന്ധം വേർപെടുത്തുന്നതിനായി ബോധിപ്പിച്ചഹർജിയാണ് ഹർജി 2-ാം കൂതകക്ഷിയ്ക്കുള്ള നോട്ടീസ് ഇപ്രകാരം നടത്തിയതനുസരിച്ചായി 2026-മാമത്തെ മാസം 6-ാംതീയതിയോട്ടെ വിചാരണയ്ക്ക് വിളിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് നിങ്ങൾ നേരിട്ടോ കൂട്ടുകാരം അധികാരപ്പെടുത്തിയ വക്കീലോ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ മോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ഏകപക്ഷമായ വിധിയ്ക്ക് തക്കവിധത്തിലുള്ളതുകൂടി നിങ്ങൾക്കെതിരെ ഉത്തരവിട്ടുകൂടുന്നതാണെന്നുള്ള വിവരം ഇതിനാൽ തെരുവെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻ പ്രകാരം
ശിരസ്യാദാർ
മാവേലിക്കര ഹർജിക്കക്ഷി മുഖേന
22-05-2026 അഡ്വക്കേറ്റ്.ജി.ഹരിപ്രസ്സൻ

Before The Honourable Munsiff Court Alappuzha OS No:663/2017
R.P.No.18/2020
Petitioners/Plaintiffs:1.Sri.Syama Prasad, aged 62 years, S/o.Sivanandan, Kesava Nivas, Thriveni Junction North, Avaloekunnu.P.O, Alappuzha, 2.Mala, aged 44 years, D/o.Leelambal, Vanamala, Parampuzha.P.O, Behind Dalmiya Factory, Kollam, 3.Kala, aged 49 years, D/o.Leelambal, Vanamala, Prampuzha P.O, Behind Dalmiya Factory, Kollam, 4.Pradeep, aged 55 years, S/o.Rajappan, Palachira veedu, Kattoor P.O, Behind Rani Theatre, Omanappuzha, Alappuzha, 5.Meethu.V, aged 27 years, D/o.Molly, Kanjirathummoottil (H), Neerattupuram.P.O, Alappuzha, 6.Meenu.V, aged 23 years, D/o.Molly, Geetha Bhavan, Aryad North Village Alappuzha.
Counter Petitioners/Defendants:3.Parimala, aged 51 years, S/o.Sunder Rajan, Kattungal House, Avaloekunnu.P.O, Alappuzha.
3-ാം എതിർകക്ഷിയെ തെരുവെടുത്തുന്ന് മേൽ നമ്പർ കേസിന്റെ നോട്ടീസ് വിചാരണ 2026-ാം ആണ്ട് June മാസം 1 2-ാം തിയതി അവധി വെച്ചിട്ടുള്ളതും ആയതിൽ 3-ാം എതുകക്ഷിക്ക് എന്നേദിവസം പകൽ 11 മണിക്ക് നേരിട്ടോ അവരുടെ നോട്ടീസു അധികാരപ്പെടുത്തിയവർ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കാനുള്ള അല്ലാത്തപക്ഷം താങ്കളെ കരാതെ ഹർജി വിചാരണ ചെയ്തു തീർപ്പുകല